പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2926.

02.04.2013 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ തീർപ്പാവാതെ കിടക്കുന്ന കേസ്സുകൾ

ചോദ്യം

ശ്രീ. എ.റ്റി. ജോർജ്
ശ്രീ. വി.റ്റി. ബൽറാം
ശ്രീ. സണ്ണി ജോസഫ്.
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി.

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) രജിസ്ട്രേഷൻ വകുപ്പിൽ തീർപ്പാവാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ എന്തെങ്കിലും പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

എ) 1959-ലെ കേരള മുദ്രപ്പത്രനിയമത്തിലെ 9 (1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ, ടി നിയമത്തിലെ 45 ബി വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച അണ്ടർവാല്യൂവേഷൻ കേസ്സുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി, പൊതുതാല്പര്യാർത്ഥം, മുദ്രവില/ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട്, 25/8/2012-ലെ ജി.ഒ.(പി)151/2012/നി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതിയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഭൂമിയുടെ സ്ഥാനമനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി | | | | |
|---|---|---|---|---|
| നം | വിസ്തൃതി | കോർപ്പറേഷൻ | മുനിസിപ്പാലിറ്റി | പഞ്ചായത്ത് |
| 1 | 5 സെന്റ് വരെയുള്ള കൈമാറ്റങ്ങൾ | 2000 രൂപ | 1000 രൂപ | മൊത്തമായും ഒഴിവാക്കിയിരിക്കുന്നു. |
| 2 | 5 സെന്റിനു മുകളിൽ 10 സെന്റു വരെ | 5000 രൂപ | 3000 രൂപ | 1000 രൂപ |
| 3 | 10 സെന്റിനു മുകളിൽ 50 സെന്റു വരെ | 10000 രൂപ | 5000 രൂപ | 2000 രൂപ |
| 4 | 50 സെന്റിനുമുകളിൽ | നേരത്തെ അടച്ച | നേരത്തേ അടച്ച മുദ്രവില | നേരത്തേ അടച്ച മുദ്രവില |

| | | | | |
|---|---|---|---|---|
| | | മുദ്ര വില യുടെ 6%, അല്ലെങ്കിൽ 12,000/- രൂപ, ഏതാണോ കൂടുതൽ അത്. | യുടെ 4%, അല്ലെങ്കിൽ 7,000/- രൂപ, ഏതാണോ കൂടുതൽ അത്. | യുടെ 2%, അല്ലെങ്കിൽ 3,000/- രൂപ, ഏതാണോ കൂടുതൽ അത്. |

മേൽ പ്രസ്താവിച്ച നിരക്കിൽ കുറവുമുദ്രവില അടയ്ക്കാവുന്നതാണ്. കുറവു രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

ബി) വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്ന കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സത്വരമായി തീർപ്പാക്കി, സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

സി) ഏത് തരം കേസുകളാണ് പദ്ധതിയനുസരിച്ച് തീർപ്പാക്കുന്നത് ;

സി) 1986 മുതൽ 2012 മാർച്ച് 31 വരെ കുടിശ്ശിക ആയിട്ടുള്ള, റവന്യൂ റിക്കവറിക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ ഉൾപ്പെടെയുള്ള അണ്ടർ വാലേഷൻ കേസുകൾ.

ഡി) പദ്ധതിയുടെ കാലാവധി എന്നുവരെയാണ്; കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഡി) 31/12/2012-ലെ ജി.ഒ.(പി) 271/2012/റ്റിഡി. നമ്പർ ഉത്തരവ് പ്രകാരം, പദ്ധതിയുടെ കാലാവധി 2013 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ കാലാവധി ഒരു വർഷത്തേക്ക് കുടി ദീർഘിപ്പിക്കുന്നതായി, 2013-2014 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.